(ബി) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ, ഭവനനവീകരണം/ടോയിലറ്റ് നിർമ്മാണം, ധനസഹായ പദ്ധതികൾ എന്നിവയും കടിവെള്ളം, വൈദ്യുതീകരണം, ലൈബ്രറി, ജീവനോപാധി പദ്ധതികൾ തുടങ്ങിയ സാമൂഹിക ആരോഗ്യ വിദ്യാഭ്യാസ മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന പദ്ധതികളും മത്സ്യ ഗ്രാമങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

ഫിഷിംഗ് ഹാർബറുകൾ

68(5653) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്ത് - വലിയതുറ, പുന്തുറ, വർക്കല (ചിലക്കൂർ), കൊല്ലത്ത്-സൗത്ത് പരവൂർ, ആലപ്പുഴയിൽ-പുന്നപ്ര, തൃക്കുന്നപ്പുഴ, തൃശ്ശൂരിൽ-കയ്പമംഗലം, മലപ്പുറത്ത് പരപ്പനങ്ങാടി, കണ്ണൂരിൽ - പുതിയങ്ങാടി, കാസർഗോഡ്-അജാനൂർ കടപ്പുറം എന്നീ സ്ഥലങ്ങളിൽ പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾ നടന്നുവരുന്നു.

(ബി) മത്സ്യബന്ധന യാനങ്ങൾക്ക് സുരക്ഷിതമായി അടുക്കുവാനും ഒരു പരിധിവരെ പ്രതികൂല കാലാവസ്ഥയിലും മത്സ്യബന്ധനത്തിന് പോകുവാൻ സാധ്യമാകുന്ന തരത്തിലുള്ള സുരക്ഷിതമായ ഹാർബർ ബേസിൻ രൂപപ്പെടുത്തുകയാണ് മത്സ്യബന്ധന തുറമുഖം ലക്ഷ്യമിടുന്നത്. മെച്ചപ്പെട്ട വിപണന കേന്ദ്രമായ മത്സ്യബന്ധന തുറമുഖങ്ങൾ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തും. തൊഴിൽ ദിനങ്ങൾ വർദ്ധിക്കുകയും അനുബന്ധ തൊഴിലിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാവുകയും ചെയ്യും. മത്സ്യകയറ്റുമതി വർദ്ധനവിലൂടെ കൂടുതൽ വിദേശനാണ്യം നേടിത്തരും.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ മത്സ്യബന്ധന ഇറമുഖങ്ങൾ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾ നടത്തുന്നതിനാവശ്യമായ ഭരണാനുമതിയും ഫണ്ടും " 4405-104-83- പുതിയ മത്സ്യബന്ധന ഇറമുഖങ്ങളുടെ അന്വേഷണ ഗവേഷണം " എന്ന ശീർഷകത്തിൽ ഓരോ പദ്ധതിക്കും അനുവദിക്കുന്നുണ്ട്.

അന്വേഷണ ഗവേഷണ പഠനം പൂർത്തിയായി മാതൃകാ പഠന റിപ്പോർട്ട്, പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, CRZ സ്റ്റാറ്റസ് റിപ്പോർട്ട്, CRZ/EIA ക്ലിയറൻസ്, പരിസ്ഥിതി ക്ലിയറൻസ് എന്നിവ ലഭ്യമാകുമ്പോൾ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി, പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതിയും ഫണ്ടും അനുവദിച്ച്, പദ്ധതികൾ ക്രമീകരിച്ച് നടപ്പിലാക്കുകയും ചെയ്യുവരുന്നു.

വളഞ്ഞവഴി ഫിഷ് ലാന്റിംഗ് സെന്റർ

69(5654) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ വളഞ്ഞവഴിയിൽ ഫിഷ്‌ലാന്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ :

(ബി) സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ഇതിനായി ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപയാണ് ഇതിനായി അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം നടക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വളഞ്ഞവഴി കടപ്പുറത്ത് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ലേലഹാൾ നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ അനുവദിച്ചതനുസരിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ പല പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ആരുംതന്നെ ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായില്ല. സുനാമി പദ്ധതികൾ അവസാനിച്ചതിനാൽ ഈ പദ്ധതി നടപ്പാക്കിയിട്ടില്ല.

(സി) 25.00 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly